**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**സബ് ഇൻസ്പെക്ടർ തസ്തിക**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2041.** **11/06/2018-ൽ മറുപടിക്ക്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സബ് ഇൻസ്പെക്ടർ തസ്തികയുടെ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ; | (എ) | സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിലവിലുണ്ടായിരുന്ന ഒ.എ. എല്ലാം ഡിസ്പോസ് ചെയ്തിരുന്നു. (14/07/2017-ൽ ഒ.എ.നം. 1958/2016). ആകെയുള്ള എസ്.ഐ.മാരുടെ അംഗീകൃത അംഗസംഖ്യയുടെ പകുതി കണക്കാക്കി (1:1 ratio) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു. കൂടാതെ ടി ഉത്തരവിൽ എസ്.ഐ.മാരുടെ 137 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചത് റദ്ദാക്കുകയും ചെയ്തിരുന്നു. ഇപ്രകാരം ആകെയുണ്ടായിരുന്ന 162 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും എന്നാൽ 12/7/2016-ൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട 93 എൻ.ജെ.ഡി. ഒഴിവുകളെ സംബന്ധിച്ച് നിലവിലെ റാങ്ക് ലിസ്റ്റിൽപ്പെട്ടവരും മുൻ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും തമ്മിലുള്ള തർക്കം ഇപ്പോൾ ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ ( OP (KAT) |

| | | | |
|---|---|---|---|
| | | | No.256/17,330/17&331/17 in OA.No.539/16 filed by Suneesh) ടി എൻ.ജെ.ഡി ഒഴിവുകൾ ഇതവരെ അഡ്വൈസ് ചെയ്യപ്പെട്ടിട്ടില്ല. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് മറ്റ് ഒഴിവുകളൊന്നും നിലവിലില്ല.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.ഐ. തസ്തികയിലേയ്ക്ക് ആർക്കും നിയമനം നൽകിയിട്ടില്ല. എൻ.ജെ.ഡി. ഉൾപ്പെടെ ആകെ 257 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പുതിയ സബ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 40 എസ്.ഐ (KCP) തസ്തികകളും ഒരു ഡബ്ല്യു.എസ്.ഐ. തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ